# സ്ത്രീകളെ തൊട്ടാൽ വുളു മുറിയുമോ?

ശാഫി സ്വലാഹി ചങ്ങലീരി

ശാഫിഈ മദ്ഹബുകാർക്കിടയിലുള്ള ഒരു തെറ്റിദ്ധാരണയാണ്, വുളൂ ചെയ്ത ശേഷം ഭാര്യയെ തൊടുകയോ അറിയാതെ വല്ല അന്യ സ്ത്രീകളെ സ്പർശിക്കുകയോ ചെയ്താൽ അവന്റെ വുളു മുറിഞ്ഞുപോയി എന്ന വിശ്വാസം. യഥാർത്ഥത്തിൽ ഈ വിശ്വാസം ഇസ്ലാമിക പ്രമാണങ്ങൾക്ക് അന്യമാണ്. കാരണം നബി(ﷺ)തന്നെ അപ്രകാരം ചെയ്തതായി കുറ്റമറ്റ നിരവധി ഹദീസുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽപെട്ട ചില റിപ്പോർട്ടുകൾ ഇമാം ശാഫിഈ(റ) തന്നെ ഉദ്ധരിക്കുന്നത് കാണുക:

**(അസ്സുനൻ: 1/231,232. ഹദീസ് നമ്പർ: 122,123,124)**



١٢٢ ـ حدثنا الشافعي رحمه الله قال: حدثنا(١) سفيان، عن الزهري، عن عروة، عن عائشة:
أنّ النبي ﷺ كان يصلي صلاته بالليل(٢)، وأنا معترضةٌ بينه وبين القِبْلَةِ، كاعتراض الجنازة(٣).

١٢٣ ـ حدثنا الشافعي رحمه الله قال: وأخبرنا مالك، عن أبي النضر ـ مولى عمر بن عبيد الله ـ عن أبي سلمة بن عبد الرحمن، عن عائشة ـ زوج النبي ﷺ ـ أنها قالت:
كنت أنام بين يدَيْ رسول الله ﷺ: رجلايَ في قِبْلَتِه، فإذا سجدَ غمَزَني، فقبضت رِجْلَيَّ، وإذا قام بَسطتُهما(١).
قالت: والبيوتُ يومئذ ليس فيها مصابيح(٢).

١٢٤ ـ حدثنا الشافعي رحمه الله قال: وأخبرنا(٣) عبد العزيز بن محمد، عن محمد بن عمرو بن علقمة، عن أبي سلمة بن عبد الرحمن، عن عائشة ـ زوج النبي ﷺ ـ أنها قالت:
كنت أنام معترضةً في القبلة، فيصلي رسولُ الله ﷺ، وأنا أمامَه، حتى إذا أراد أن يُوتِر قال: تنحي(٤).

*അർത്ഥം:* "ഇമാം ശാഫിഈ(റ) പറഞ്ഞു: ആയിശ(റ) നിവേദനം. അവർ പറഞ്ഞു: നബി(ﷺ) രാത്രി നമസ്കാരം നിർവ്വഹിക്കുമ്പോൾ ഞാൻ (മയ്യിത്ത് നമസ്കരിക്കുന്നവന്റെ മുമ്പിൽ) മയ്യിത്ത് വിലങ്ങനെ വെച്ചതുപോലെ നബി(ﷺ)ക്കും ഖിബ്‌ലക്കും ഇടയിൽ വിലങ്ങായി കിടക്കാറുണ്ട്." *(ഹദീസ് നമ്പർ: 122)*

"ഇമാം ശാഫിഈ(റ) പറഞ്ഞു: നബി(ﷺ)യുടെ ഭാര്യ ആയിശ(റ) നിവേദനം. അവർ പറഞ്ഞു: (നബി(ﷺ) രാത്രി നമസ്കാരം നിർവ്വഹിക്കുമ്പോൾ) ഞാൻ നബി(ﷺ)യുടെ മുമ്പിൽ കിടന്നുറങ്ങാറുണ്ട്. എന്റെ ഇരു കാലുകളും നബി(ﷺ)യുടെ മുമ്പിലായിരിക്കും. അവിടുന്ന് സുജൂദ് ചെയ്യുമ്പോൾ എന്റെ കാലിൽ അമർത്തും അപ്പോൾ ഞാൻ എന്റെ കാൽ വലിക്കും. അദ്ദേഹം ഖിയാമിലേക്ക് നിന്നാൽ ഞാൻ അവ രണ്ടും നീട്ടിവെക്കും. അന്ന് വീടുകളിൽ വിളക്കുകൾ ഉണ്ടായിരുന്നില്ല." *(ഹദീസ് നമ്പർ: 123)*

"ഇമാം ശാഫിഈ(റ) പറഞ്ഞു: നബി(ﷺ)യുടെ ഭാര്യ ആയിശ(റ) നിവേദനം. അവർ പറഞ്ഞു: നബി(ﷺ) നമസ്കാരം നിർവ്വഹിക്കുമ്പോൾ ഞാൻ നബി(ﷺ)യുടെ മുമ്പിൽ വിലങ്ങനെ കിടന്നുറങ്ങാറുണ്ട്." *(ഹദീസ് നമ്പർ: 124 അസ്സുനൻ: 1/231,232)*

നോക്കൂ, നബി(ﷺ) നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ പോലും ആവശ്യ ഘട്ടങ്ങളിൽ ഭാര്യയെ സ്പർശിച്ചിരുന്നു എന്നാണല്ലോ മേൽ ഹദീസുകൾ പഠിപ്പിക്കുന്നത്. മാത്രമല്ല, വുളൂ എടുത്ത് നമസ്കരിക്കാൻ പോകുന്ന സമയത്ത് നബി(ﷺ) ഭാര്യമാരെ ചുംബിച്ചിരുന്നതായും ശേഷം വേറെ വുളൂ എടുക്കാതെ അതേ വുളൂ കൊണ്ടുതന്നെ നമസ്കരിച്ചിരുന്നതായും നിരവധി ഹദീസുകളിൽ വന്നിട്ടുണ്ട്. എന്നിട്ടും നമ്മുടെ പല സഹോദരങ്ങളും, സ്വന്തം ഭാര്യയെ അറിയാതെ ഒന്ന് തട്ടിയാൽ പോലും ഓടിപ്പോയി വുളൂ എടുക്കുന്നത് കാണാൻ കഴിയും. അപ്പോൾ അതിന്റെയൊന്നും ആവശ്യമില്ലെന്ന് മേൽ ഹദീസുകളിൽനിന്നും യാതൊരു സംശയങ്ങൾക്കും പഴുതില്ലാത്തവിധം വ്യക്തമായല്ലോ.

ഇതുപോലെതന്നെയാണ് വുളൂ എടുത്ത സ്ത്രീകൾ പുരുഷന്മാരെ തിരിച്ച് തൊട്ടാലുമുള്ള സ്ഥിതി. അഥവാ അവരുടെയും വുളു അതുമൂലം മുറിയുന്നില്ല. പക്ഷെ ഇതെല്ലാം ഭാര്യഭർത്താക്കന്മാർ തമ്മിലോ, അന്യ സ്ത്രീപുരുഷന്മാർ തമ്മിലോ തൊടാനും പിടിക്കാനുമുള്ള അനുവാദമായി ആരും വിശദീകരിക്കരുത്. യാദൃശ്ചികമായി അങ്ങനെ തട്ടുകയോ മുട്ടുകയോ ചെയ്താൽ വുളൂ മുറിയില്ല എന്നേ അതിനർത്ഥമുള്ളൂ.

മാത്രമല്ല, ഹജ്ജിലെ ത്വവാഫിന്റേയും സഅ്‌യിന്റേയുമെല്ലാം സന്ദർഭങ്ങളിൽ അപ്രകാരം സംഭവിക്കാറുണ്ട് എന്നതും അപ്പോൾ വേറെ വുളൂ എടുക്കാറില്ല എന്നതും അവിടെപോയ ശാഫിഈ മദ്ഹബുകാരും സമ്മതിക്കുന്നതാണല്ലോ. മക്കത്തും മദീനത്തും ഈ വിഷയത്തിൽ വേറെ നിയമമില്ല എന്നതും അവരും നാമും അംഗീകരിക്കുന്നു.